അനുഭവം

പി.കെ ജമാൽ

# 'നീ എന്റെ പ്രിയ പുത്രൻ, എനിക്ക് തൃപ്തിയായിരിക്കുന്നു'

കുവൈത്തിലെ പ്രശസ്ത പണ്ഡിതനും പ്രബോധകനുമായ
**ശൈഖ് അഹ്മദുൽ ഖത്താൻ** പിതാവിന്റെ മനഃപരിവർത്തന കഥ പറയുന്നു

**"എന്റെ** വന്ദ്യ പിതാവിനെ ഹിദായത്തിലേക്കും ഇസ്‌ലാമിന്റെ വെളിച്ചത്തിലേക്കും നയിക്കാൻ മഹാഭാഗ്യം സിദ്ധിച്ച മകനാണ് ഞാൻ"- ശൈഖ് അഹ്മദുൽ ഖത്താൻ ആ കഥ പറഞ്ഞു.

കടൽയാത്രക്കിടയിൽ സംഭവിച്ച ഒരത്യാഹിതം പിതാവിനെ പൂർണമായി തളർത്തി ശയ്യാവലംബിയാക്കിയതുമായി ബന്ധപ്പെട്ടാണ് ഈ കഥയുടെ ചുരുൾ നിവരുന്നത്.

'ശത്തുൽ അറബി'ലൂടെ നിറയെ ഈത്തപ്പഴവും കയറ്റി പോകുന്ന പായക്കപ്പലിലായിരുന്നു പിതാവിന് ജോലി. ഒരു ദിവസം കടൽക്കാറ്റ് അടിച്ചുവീശി. പിന്നെ ഇടിയും മിന്നലും. ഒരു ഇടിത്തീ പായക്കപ്പലിന്റെ മൂർധാവിൽ പതിച്ചു. പായ കത്തിച്ചാമ്പലായി. ഇടിമിന്നലിൽ പരിക്കേറ്റ പിതാവിന്റെ ശരീരം ഏതാണ്ട് പൂർണമായി തളർന്നു.

അവർ പിതാവിനെ കൊണ്ടുവന്ന് വീട്ടിലാക്കി. നടക്കാനോ അനങ്ങാനോ കഴിയാതെ വീട്ടിൽ കിടപ്പായി. ദിവസങ്ങൾ കഴിയുന്തോറും കൈയിലുള്ളതെല്ലാം തീർന്നുകൊണ്ടിരുന്നു. കരുതിവെച്ച ഭക്ഷണവും തീർന്നപ്പോൾ, വിശപ്പ് സഹിക്കാനാവാതെ, ആരെങ്കിലും ഒരു റൊട്ടിക്കഷ്ണമെങ്കിലും കൊടുത്തെങ്കിലോ എന്നാശിച്ചു റോഡിലേക്കിറങ്ങാൻ ആലോചിച്ചു. ഈ അവസ്ഥ ഏതാണ്ട് പത്തു കൊല്ലം തുടർന്നു. ചികിത്സിക്കാൻ പണമോ ആഹരിക്കാൻ ഭക്ഷണമോ ഇല്ലാതെ വീട്ടിൽ ഒരേ കിടപ്പുതന്നെ.

ഖുർആനും ഹദീസും മന്ത്രിച്ചൂതുന്ന ഒരു ശൈഖുണ്ടെന്നും അദ്ദേഹത്തെ ഒന്ന് പരീക്ഷിക്കാമെന്നും ചിലർ അഭിപ്രായപ്പെട്ടതനുസരിച്ച് അയാളെ വരുത്തി. 'മുല്ല'യെന്നാണ് എല്ലാവരും അയാളെ വിളിച്ചത്. വീട്ടിൽ വന്ന് കയറിയ മുല്ല ആദ്യം തന്നെ എന്റെ പിതാവിനോട് ചോദിച്ചു: "മന്ത്രിച്ചൂതിയാൽ എന്ത് കാശ് തരും?" പിതാവിന്റെ മറുപടി: "പത്തു വർഷമായി വീട്ടിൽ അവശനിലയിൽ കിടക്കുന്ന എന്റെ പക്കൽ ആകെയുള്ളത് അര ഉറുപ്പികയാണ്. ഇത് എന്റെയും ഉമ്മയുടെയും ആഹാരത്തിന് കരുതി വെച്ചതുമാണ്." അതു പോരാ എന്നു പറഞ്ഞ് മുല്ല വീട്ടിൽനിന്നിറങ്ങി നടന്നു. ഓതാനോ ഊതാനോ നിൽക്കാതെ അയാൾ ഇറങ്ങിപ്പോയത് പിതാവിന്റെ മനസ്സിൽ ആഴമേറിയ മുറിവുണ്ടാക്കി. അത് വെറുപ്പായി വളർന്നു. മതത്തെയും മതക്കാരെയുമെല്ലാം അങ്ങേയറ്റം വെറുക്കുന്ന ഒരവസ്ഥയിലെത്തിച്ചു ഈ സംഭവം. ബുദ്ധിമാനും കവിയും സംഭാഷണചതുരനുമായ പിതാവ് ഈ സംഭവം, മതത്തെയും മത മേലാളന്മാരെയും മതവിശ്വാസികളെയുമെല്ലാം പരിഹസിക്കാനുള്ള ആയുധമാക്കി.

* * * *

ദിവസങ്ങൾ കടന്നുപോയി. ഒരാൾ പിതാവിനോട് ചോദിച്ചു: 'നിങ്ങൾക്കെന്തുകൊണ്ട് അമേരിക്കൻ ആശുപത്രിയിൽ (ഇപ്പോഴത്തെ അമിരി ഹോസ്പിറ്റൽ) പോയിക്കൂടാ. അവിടെ ഇപ്പോൾ സ്കാഡർ എന്ന് പേരുള്ള ഒരു പുതിയ ഡോക്ടർ വന്നിട്ടുണ്ട്. സമർഥൻ, ആളുകൾക്ക് അയാളെ നല്ല മതിപ്പാണ്. അമേരിക്കൻ മിഷനറി ഹോസ്പിറ്റലാണ്.' ഹോസ്പിറ്റൽ വീട്ടിൽനിന്ന് വളരെയകലെ. ഇന്നത്തെ പോലെ വാഹനങ്ങളില്ല. നടന്ന് പോവാനും വയ്യ. രണ്ടും കൽപിച്ച് വീട്ടിൽനിന്ന് പുലർച്ചെ മുട്ടിൽ ഇഴഞ്ഞിഴഞ്ഞു നീങ്ങിയ പിതാവ് ഏതാണ്ട് ഉച്ചയോടെ ആശുപത്രി ഗെയ്റ്റിലെത്തി. അതികഠിന ചൂടുകാലം. ആശുപത്രി ഗെയ്റ്റിൽ എത്തുമ്പോൾ നാവിലോ വായിലോ ശരീരത്തിലോ ഒരിറ്റ് വെള്ളമില്ല. മരിക്കാൻ പോവുകയാണെന്ന് തോന്നി. മരണത്തെ മുന്നിൽ കണ്ട് ആ ഗെയ്റ്റും പിടിച്ചുനിന്നു. പതുക്കെ ശഹാദത്ത് കലിമ ചൊല്ലി. ബോധം കെട്ടിരിക്കണം. മരിച്ചെന്നുതന്നെ തോന്നി. കുറെ കഴിഞ്ഞ് ഉണർന്ന് കണ്ണുതുറന്നു നോക്കുമ്പോൾ എത്തിയിരിക്കുന്നത് സ്വന്തം വീട്ടിൽ തന്നെ. അകത്ത് പലതരം മരുന്നുകൾ. സംഭവിച്ചതെന്താണെന്ന് തിരക്കി. അവരുടെ മറുപടി: "പുറത്ത് ആശുപത്രി ഗെയ്റ്റിൽ ഒരാൾ ബോധംകെട്ടു കിടക്കുന്നുണ്ടെന്ന് ആരൊക്കെയോ ചെന്ന് ഡോക്ടറോട് പറഞ്ഞു. ഗുരുതരാവസ്ഥ മനസ്സിലാക്കി ഡോക്ടർ നഴ്സുമാരെയും കൂട്ടി ഓടിവന്ന് സ്ട്രെറ്റ്ച്ചറിൽ

എടുത്ത് ആശുപത്രി കിടക്കയിലെത്തിച്ച് ഇഞ്ചക്ഷനും മരുന്നും നൽകി. ഡോക്ടർ അയാളുടെ കാറിൽ തന്നെ വീട്ടിൽ കൊണ്ടാക്കിയതാണ്". കുറെ കഴിഞ്ഞ് കീശ തപ്പിനോക്കിയപ്പോൾ കീശയിൽ അഞ്ചു രൂപ. അന്ന് ഇന്ത്യൻ രൂപയാണ് ഞങ്ങളുടെ നാണയം. ഇതെവിടെ നിന്നു വന്നെന്നന്വേഷിച്ചപ്പോൾ ഉമ്മയുടെ മറുപടി: "നിന്നെ കൊണ്ടുവന്നാക്കിയ ഡോക്ടർ വെച്ചിട്ടുപോയതാണ്".

എന്റെ പിതാവ് ആ ഡോക്ടറെ വല്ലാതെയങ്ങ് സ്നേഹിച്ചുതുടങ്ങി. മരുന്നു കഴിച്ചു. അസുഖം ഭേദമായി തുടങ്ങി. ഈ ഡോക്ടർ ആഴ്ചയിലൊരിക്കൽ മുടങ്ങാതെ വീട്ടിൽവന്ന് മുറിവ് കഴുകി മരുന്ന് വെച്ചുകെട്ടി, പിതാവിനെ സന്തോഷിപ്പിക്കുന്ന നല്ല വാക്കുകൾ പറഞ്ഞ് തിരിച്ചുപോകും. അസുഖമെല്ലാം ഭേദമായി. വീണ്ടും ജോലിക്ക് പോയി തുടങ്ങി. വിവാഹം കഴിച്ചു. കടിഞ്ഞൂൽ കുഞ്ഞ് പിറന്നു; ഈ ഞാൻ. ഈ ഡോക്ടറെ പിതാവ് എത്രകണ്ട് സ്നേഹിച്ചു എന്നുവെച്ചാൽ, എനിക്ക് അഞ്ചു വയസ്സായപ്പോൾ എല്ലാ ആഴ്ചയും പിതാവ് എന്നെയും കൊണ്ട് ഈ ഡോക്ടറുടെ അടുത്തുപോകും. കൊച്ചിലേ എന്റെ കാതിൽ മന്ത്രിക്കും: "മോനേ, നോക്ക്. നിന്റെ മുമ്പിൽ ഇരിക്കുന്ന ഈ മഹാമനുഷ്യനെ കണ്ടുവോ? നിന്റെ പിതാവിന്റെ രോഗം ഭേദമാവാൻ ഇയാൾ ഒരാളാണ് കാരണം. ഇയാളാണ് പണ്ട് നിന്റെ പിതാവിനെ ചികിത്സിച്ചതും അഞ്ചു രൂപ കീശയിൽ വെച്ചുതന്നതും. വീട്ടിൽവന്ന് മുറിവ് മരുന്നു വെച്ച് കെട്ടിത്തന്നതും. കൈയിൽ കാശില്ലാത്തതിനാൽ ഒരു 'മുല്ല' ചികിത്സിക്കാതെ ഇറങ്ങിപ്പോയതാണ്. മോൻ പോയി അദ്ദേഹത്തിന്റെ കൈത്തലത്തിൽ ചുംബിക്കൂ''. അങ്ങനെ ഞാൻ ആ ഡോക്ടറുടെ കൈ ചുംബിക്കും. ഈ സന്ദർശനം മുറക്ക് നടന്നുകൊണ്ടിരുന്നു. എനിക്ക് പത്തു വയസ്സായി. അനുഷ്ഠാനമെന്നോണം ആഴ്ചയിൽ ഒരിക്കൽ ഡോക്ടറെ സന്ദർശിക്കും. അയാളുടെ കൈമുത്താൻ പിതാവ് എന്നെ മുന്നോട്ടു തള്ളും. പിതാവ് മതവിശ്വാസികളെയും മതക്കാരെയുമെല്ലാം കളിയാക്കും. അവരെ അവഹേളിച്ചു കവിത ചൊല്ലും. പരിഹസിക്കും. അദ്ദേഹം കഠിന മതവിരോധിയായിത്തീർന്നു. ഇസ്ലാം മതവിരോധി.

* * * *

എന്നെ അല്ലാഹു സന്മാർഗത്തിലേക്ക് നയിച്ചത് ആയിടെയാണ്. ഞാൻ നല്ല മതനിഷ്ഠയുള്ളവനായി മാറി. താടി വളർത്തി. പിന്നെ എന്നെയും എന്റെ താടിയെയും മതനിഷ്ഠയെയും ചൊല്ലിയായി പരിഹാസം. അപ്പോൾ ഞാൻ മനസ്സിൽ ഓർത്തു: 'ആ 'മുല്ല'യുടെ രൂപം പിതാവിന്റെ മനസ്സിൽനിന്ന് പറിച്ചു മാറ്റാൻ കഴിയില്ല. അതേ പോലെ ആ ഡോക്ടറുടെ രൂപവും പിതാവിന്റെ മനസ്സിൽ ആഴത്തിൽ കൊത്തിവെച്ചത് പിഴുതെറിയാൻ കഴിയില്ല. ആ മുല്ലയെക്കാളും ഡോക്ടറെക്കാളും നല്ല പെരുമാറ്റം കാഴ്ചവെച്ചല്ലാതെ പിതാവിന്റെ ഹൃദയത്തിൽ കുടിയിരിക്കാനോ അങ്ങനെ പിതാവിനെ ഇസ്ലാമിന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവരാനോ കഴിയില്ല.' അതിനു പറ്റിയ അവസരം ഞാൻ കാത്തിരുന്നു.

**ദീൻ എന്നാൽ പെരുമാറ്റമാണ്. സ്നേഹപൂർവമായ ഇടപെടലാണ്. സ്നേഹത്തിന്റെ തൂവൽ സ്പർശമേറ്റാൽ തരളിതമാവാത്ത ഏതു ഹൃദയമുണ്ട്! സ്നേഹപൂർവമായ ഒരു വാക്ക്, ആശ്വാസത്തിന്റെ ഒരു താങ്ങ്, സാന്ത്വനത്തിന്റെ ഒരു നോക്ക്- ഇവ കൊണ്ട് അലിയാത്ത ഏതു ശിലാഹൃദയമുണ്ട്!പിതാവിന്റെ ചുണ്ടുകൾ മൂകമായി മന്ത്രിക്കുന്നുണ്ടായിരുന്നു: ''പ്രിയ മകനേ, എനിക്ക് തൃപ്തിയായി."**

അങ്ങനെ കാത്തിരുന്ന സന്ദർഭം വന്നണഞ്ഞു. പിതാവിന് കാൻസർ രോഗം പിടിപെട്ടു. ആശുപത്രിയിലായി. തീർത്തും ശയ്യാവലംബി. മലമൂത്ര വിസർജനത്തിന് ടോയ്‌ലറ്റിൽ പോകാൻ പോലും കഴിയാത്ത അവസ്ഥ. രാപകൽ ഭേദമില്ലാതെ ഞാൻ പിതാവിന്റെ കട്ടിലിന്നരികെ ഇരിക്കും. 'ഇതുതന്നെ പറ്റിയ അവസരം' ഞാൻ മനസ്സിൽ കുറിച്ചിട്ടു. ആ അവസ്ഥയിൽ പോലും, അനുസരണ ശീലവും കൂറും പരീക്ഷിച്ചറിയാനുള്ള വിരുത് കാട്ടി എന്റെ പിതാവ്. പാതിരാത്രി ഞെട്ടിയുണർന്ന് പറയും, ഒരു പ്രത്യേക തരം പഴം മാർക്കറ്റിൽ പോയി വാങ്ങിക്കൊണ്ടുവരാൻ. ആ നേരത്ത് എവിടെ കിട്ടാനാണ്? ഞാൻ മാർക്കറ്റായ മാർക്കറ്റെല്ലാം അരിച്ചുപെറുക്കി അലഞ്ഞ് പാതിരാത്രിതന്നെ ആ പഴം കൊണ്ടുകൊടുക്കും. കഴിക്കില്ല. എഴുന്നേറ്റുപോയി മലമൂത്ര വിസർജനം സാധിക്കാത്തതിനാൽ, എല്ലാം കിടന്ന കിടപ്പിൽതന്നെ. എന്റെ കൈ ഞാൻ അടിയിൽ വെച്ചുകൊടുക്കും. എന്റെ കൈത്തലത്തിൽ കാര്യം സാധിക്കും. ഇത് ഒരു ദിവസം പലതവണ വേണ്ടിവരും.

രോഗം മൂർഛിക്കുന്നതനുസരിച്ച് മലമൂത്ര വിസർജനം കൂടുതൽ പ്രയാസകരമായി. ഓരോ പത്തു മിനിറ്റ് കൂടുമ്പോൾ ഞാൻ ഇങ്ങനെ കൈവെച്ചു കൊടുത്തു കൈയിലേക്ക് കാര്യം സാധിപ്പിക്കുകയും ടോയ്‌ലറ്റിൽ പോയി കൈകൾ വൃത്തിയാക്കി വീണ്ടും ഈ പ്രക്രിയ തുടരുകയും ചെയ്യുന്നത് കണ്ടപ്പോൾ എന്റെ പിതാവ് പൊട്ടിക്കരഞ്ഞുപോയി. എന്റെ സ്ഥിതി കണ്ട് അലിവു തോന്നിയ പിതാവിന് കണ്ണീർ നിയന്ത്രിക്കാനായില്ല. ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടിരുന്നു. ആ കരച്ചിൽ നന്മയുടെ തുടക്കമായിരുന്നു. പിതാവിന്റെ ഹൃദയത്തിലേക്ക് വിശ്വാസത്തിന്റെ കിരണങ്ങൾ അരിച്ചെത്തുകയായിരുന്നു. പിന്നെ മെല്ലെ ക്ഷീണിത സ്വരത്തിൽ എന്റെ ചെവിയിൽ പറഞ്ഞു: "മോനേ! ഇപ്പോഴാണ് എനിക്ക് നിന്റെ വില മനസ്സിലായത്. മതനിഷ്ഠയുള്ള എല്ലാ ചെറുപ്പക്കാരും നിന്നെ പോലെത്തന്നെയാണോ?'' ഞാൻ പറഞ്ഞു: "അവരെല്ലാം എന്നെക്കാൾ എത്രയോ നല്ലവരാണ്. അവരാരെയും നിങ്ങൾക്ക് പരിചയമില്ലല്ലോ." പിന്നെ എന്റെ സുഹൃത്തുക്കൾ പിതാവിനെ സന്ദർശിച്ചു സുഖവിവരങ്ങൾ തിരക്കിത്തുടങ്ങി. എന്റെ പിതാവിന്റെ മനസ്സ് മാറി. മട്ടു മാറി. പ്രകൃതം മാറി. നമസ്കാരവും നോമ്പും തുടങ്ങി. ദീനിനെ സ്നേഹിച്ചു തുടങ്ങി. മതനിഷ്ഠയുള്ളവരോട് ആദരവായി പിന്നെ. എപ്പോഴും തസ്ബീഹും തക്ബീറും തഹ്‌ലീലും. ഏതു നേരവും നാവിൽ അല്ലാഹുവിനെ കുറിച്ച ഒരേ മന്ത്രം. ഒരേ ദിക്ർ. ഈ മാറ്റം കണ്ടപ്പോൾ ഞാൻ കണ്ണീർ വാർത്തു: 'സുബ്ഹാനല്ലാഹ്. ദീൻ എന്നാൽ പെരുമാറ്റമാണ്. സ്നേഹപൂർവമായ ഇടപെടലാണ്. സത്യമായും അതേ.' സ്നേഹത്തിന്റെ തൂവൽ സ്പർശമേറ്റാൽ തരളിതമാവാത്ത ഏതു ഹൃദയമുണ്ട്! സ്നേഹപൂർവമായ ഒരു വാക്ക്, ആശ്വാസത്തിന്റെ ഒരു താങ്ങ്, സാന്ത്വനത്തിന്റെ ഒരു നോക്ക്- ഇവ കൊണ്ട് അലിയാത്ത ഏതു ശിലാഹൃദയമുണ്ട്!പിതാവിന്റെ ചുണ്ടുകൾ മൂകമായി മന്ത്രിക്കുന്നുണ്ടായിരുന്നു: "പ്രിയ മകനേ, എനിക്ക് തൃപ്തിയായി." ■